## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാചോദ്യം നം. *268

12/03/2018 ൽ
മറുപടിക്ക്

### തോട്ടണ്ടിയ്ക്ക് ഇറക്കുമതി ചുങ്കം

| ചോദ്യം<br>ശ്രീ. അനിൽ അക്കര<br>ശ്രീ.കെ.എസ്.ശബരീനാഥൻ | ഉത്തരം<br>ശ്രീമതി.ജെ.മെഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
|---|---|
| (എ) കേന്ദ്രസർക്കാർ തോട്ടണ്ടിയ്ക്ക് ഇറക്കുമതി ചുങ്കം ഏർപ്പെടുത്തിയത് സംസ്ഥാനത്തെ കശുവണ്ടി മേഖലയെ എപ്രകാരം ബാധിച്ചുവെന്ന് വ്യക്തമാക്കുമോ;<br><br>(ബി) നിലവിൽ എത്രശതമാനം ചുങ്കമാണ് കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കുമോ; | (എ) & (ബി) കേന്ദ്രസർക്കാർ തോട്ടണ്ടിയ്ക്ക് ഇറക്കുമതി ചുങ്കം ഏർപ്പെടുത്തിയത് വഴി തോട്ടണ്ടിയുടെ വില കൂടുകയും, ലഭ്യത കുറയുകയും ചെയ്തു. ഇതിന്റെ ഫലമായി ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കാൻ കഴിയാതെ അടച്ചിടേണ്ട സ്ഥിതി വന്നു. കശുവണ്ടിയുടെ ഇറക്കുമതിക്ക് കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയിരുന്ന 5% ഇറക്കുമതി ചുങ്കം 2018-19 ലെ കേന്ദ്ര ബഡ്ജറ്റിൽ 2.5% ആയി കുറച്ചിട്ടുണ്ട്. എന്നിരുന്നാലും ടി ചുങ്കം പൂർണമായും ഒഴിവാക്കിയാൽ മാത്രമേ കശുവണ്ടി വ്യവസായ മേഖലയ്ക്ക് ഗുണകരമാകൂ. |
| (സി) ഇറക്കുമതി ചുങ്കം വന്നതോടുകൂടി ചെറുകിട വ്യവസായികൾ തോട്ടണ്ടി ഇറക്കുമതിയിൽ നിന്നും പിന്മാറിയിട്ടുണ്ടോ; എങ്കിൽ ഇത് സംസ്ഥാനത്തെ കശുവണ്ടി വ്യവസായത്തെ കൂടുതൽ പ്രതിസന്ധിയിൽ ആക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (സി) ഇറക്കുമതി ചുങ്കം വന്നതോടുകൂടി സംസ്ഥാനത്തെ കശുവണ്ടി വ്യവസായം പ്രതിസന്ധിയിലാവുകയും തോട്ടണ്ടിയുടെ ഇറക്കുമതി കുറയുകയും ഇതിന്റെ ഫലമായി തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്നതിനും ഇടയാക്കിയിട്ടുണ്ട്. |
| (ഡി) ഈ പ്രതിസന്ധി നേരിടുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ? | (ഡി) നിലവിൽ കേരളത്തിൽ കശുവണ്ടി വ്യവസായത്തിനാവശ്യമായ തോട്ടണ്ടിയുടെ ബഹുഭൂരിഭാഗവും ഇറക്കുമതിയിലൂടെയാണ് കണ്ടെത്തുന്നത്. ഇറക്കുമതി നികുതി ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വകുപ്പുമന്ത്രിയും ബഹു.മുഖ്യ മന്ത്രിയും കേന്ദ്ര മന്ത്രിക്ക് കത്ത് നൽകിയിരുന്നു. കൂടാതെ വകുപ്പ് മന്ത്രി കേന്ദ്ര മന്ത്രിയെ നേരിൽ കണ്ട് നിവേദനം നൽകുകയും ചെയ്തിരുന്നു. തോട്ടണ്ടിയുടെ ഇറക്കുമതി ചുങ്കം |

നിലവിലെ 5 ശതമാനത്തിൽ നിന്നും 2.5 ശതമാനമായി കുറയ്ക്കുമെന്ന് കേന്ദ്ര സർക്കാരിന്റെ 2018 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇറക്കുമതി ചുങ്കം പൂർണ്ണമായും ഒഴിവാക്കിയെങ്കിൽ മാത്രമേ ഇറക്കുമതിയെ ആശ്രയിച്ച് നടത്തുന്ന പരമ്പരാഗത വ്യവസായത്തിന് ഗുണകരമാകു എന്നാണ് സർക്കാർ കരുതുന്നത്.

തോട്ടണ്ടി ഉൽപാദക രാജ്യങ്ങളിൽ നിന്നും തോട്ടണ്ടി നേരിട്ട് ഇറക്കുമതി ചെയ്ത് കേരളത്തിലെ കശുവണ്ടി സംസ്കരണ മേഖലയ്ക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ കേരള കാഷ്യൂ ബോർഡിന് രൂപം നൽകിയിട്ടുണ്ട്. കശുവണ്ടി വ്യവസായ മേഖലയ്ക്ക് മിതമായ നിരക്കിൽ ഗുണനിലവാരമുള്ള തോട്ടണ്ടി ഇടനിലക്കാരെ ഒഴിവാക്കി നേരിട്ട് ലഭ്യമാക്കുന്നതിന് കേരള കാഷ്യൂബോർഡിന്റെ പ്രവർത്തനം പ്രയോജനകരമാകും എന്നു കരുതുന്നു. കശുവണ്ടി ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും നേരിട്ട് സംഭരിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ കാഷ്യൂ ബോർഡ് സ്വീകരിച്ചു വരുന്നു. കൂടാതെ കൃഷി വകുപ്പിന്റെയും, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും കീഴിലുള്ള ഫാമുകൾ, പ്ലാന്റേഷൻ കോർപ്പറേഷൻ, കാസർഗോഡ് ജില്ലയിലെ രാജപുരം, ചീമേനി,കണ്ണൂർ ജില്ലയിലെ നാടുകാണി എസ്റ്റേറ്റുകൾ, റിഹാബിലിറ്റേഷൻ പ്ലാന്റേഷൻ കോർപറേഷൻ ലിമിറ്റഡ്, സ്റ്റേറ്റ് ഫാമിംഗ് കോർപറേഷൻ, ഓയിൽപാം ഇന്ത്യാ ലിമിറ്റഡ്, മറ്റ് ഗവൺമെന്റ് ഫാമുകൾ എന്നിവിടങ്ങളിൽ നിന്നും കശുവണ്ടി വികസന കോർപ്പറേഷനും കാപെക്സും സംയുക്തമായി 2017 ൽ തോട്ടണ്ടി സംഭരിക്കുകയും പ്രസ്തുത തോട്ടണ്ടി ഉപയോഗിച്ച് പ്രോസസിംഗ് നടത്തിയിട്ടുള്ളതുമാണ്. 2018 ലും കേരള

ത്തിൽ ഉല്പാദിപ്പിക്കുന്ന തോട്ടണ്ടി പരമാവധി സംഭരിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. ഇതുമായി ബന്ധപ്പെട്ട് വനം,കൃഷി, കശുവണ്ടി വ്യവസായ വകുപ്പു മന്ത്രിമാരുടെ സംയുക്തയോഗം ചേരുകയും അതാത് വകുപ്പുകളുടെ കീഴിലുള്ള സ്ഥലങ്ങളിൽ നിന്നും പരമാവധി തോട്ടണ്ടി സംഭരിക്കുന്നതിനും സംഭരിക്കുന്ന തോട്ടണ്ടി കാഷ്യൂ കോർപറേഷനും കാപെക്സിനുമായി നൽകുന്നതിനും ധാരണയാകുകയും ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**